പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 70

8.3.2012 ൽ മറുപടിയ്ക്ക്

## ആയുർവ്വേദ മരുന്നുകളുടെ പേരിലുള്ള തട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ആയുർവ്വേദ മരുന്നുകളുടെ പേരിൽ അമിതമായ പരസ്യം നൽകി ഉപഭോക്താക്കളെ കബളിപ്പിക്കുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (എ അമിതമായ പരസ്യം നൽകി ഉപഭോക്താക്കളെ കബളിപ്പിക്കുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ Drugs and Magic Remedies (Objectionable Advertisement) Act 1954 പ്രകാരം പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ 67 കേസുകൾ ഇപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ട്. |
| (ബി) ഇത്തരം മരുന്നുകൾക്ക് പരസ്യത്തിൽ പ്രതിപാദിക്കുന്ന വിധത്തിലുള്ള ഗുണ മേന്മയുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സംവിധാനങ്ങളുണ്ടോ; ഗുണമേന്മയില്ലെങ്കിൽ അവയെ നിരോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) ആയുഷ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച ലബോറട്ടറികളിൽ ഗുണ നിലവാര പരിശോധനകൾ നടത്തി, നിശ്ചിത ഗുണനിലവാരം ഉറപ്പുവരുത്തുന്ന ഉൽപ്പന്നങ്ങൾക്ക് മാത്രമേ അംഗീകാരം നൽകുന്നുള്ളൂ. ഗുണനിലവാരം ഇല്ലായെന്ന് കണ്ടെത്തുന്ന ഉൽപ്പന്നങ്ങളുടെ അംഗീകാരം പിൻവലിക്കുന്നതടക്കമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ